**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 486** **09-07-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തു നിന്നും കപ്പൽ സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി വിഴിഞ്ഞത്ത് നിന്നും സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളിലേക്ക് കപ്പൽ സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി തീരക്കടൽ ചരക്ക് ഗതാഗതം ഊർജ്ജിതമാകുമെന്ന് പ്രതീക്ഷിക്കുന്നു. തീരക്കടൽ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ കപ്പൽ കമ്പനികളുമായി കേരള മാരിടൈം ബോർഡ് ഇതിനോടകം ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലേക്കാണ് സർവീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ അടിസ്ഥാന സൗകര്യങ്ങളുള്ള തുറമുഖങ്ങളായ കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിലേയ്ക്ക് കപ്പൽ സർവ്വീസ് നടത്തുവാൻ കഴിയുന്നതാണ്. |
| (സി) | ഇതിനായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. തുറമുഖങ്ങളിൽ കപ്പലുകൾ സർവീസ് നടത്തുന്നതിന് ആവശ്യമായ അനുമതികൾ കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നും നേടുകയും തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുകയും അധികമായി വാർഫുകൾ നിർമിക്കുകയും ചെയ്യുന്നതട ക്കമുള്ള തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ നടപടികൾ കേരള മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ